**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1904** **15-03-2022 - ൽ മറുപടിയ്ക്ക്**

**കായിക താരങ്ങൾക്ക് സർക്കാർ ജോലിയിൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക താരങ്ങൾക്ക് സർക്കാർ ജോലിയിൽ നിയമനം നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് താഴെപ്പറയുന്ന വിധം നേട്ടങ്ങൾ കൈവരിച്ചിരിക്കണം. 1) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ, ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ. 2) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ 3) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ. 4) മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ. കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ടാ വഴി നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽ നിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങൾ സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ |

| | | | |
|---|---|---|---|
| | | | നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുന്നത്. |
| (ബി) | സംസ്ഥാന തലത്തിലും ദേശീയ തലത്തിലും രാജ്യാന്തര തലത്തിലും മത്സരിച്ചതും മെഡലുകൾ നേടിയതുമായ കായിക താരങ്ങളിൽ എത്ര പേർക്കാണ് 2000 മുതൽ നാളിതുവരെ സർക്കാർ സർവീസുകളിൽ ജോലി നൽകിയിട്ടുള്ളത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ഇപ്രകാരം വിവിധ കായിക ഇനങ്ങളിൽ മത്സരിക്കുകയോ സമ്മാനാർഹരാകുകയോ ചെയ്തതിന് പാരിതോഷികമായി നിയമനം വാഗ്ദാനം ചെയ്തതിനു ശേഷം നിയമനം ലഭിക്കാത്തവരുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | അന്താരാഷ്ട്ര ശരീര സൗന്ദര്യ മത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കിയ ശ്രീ.ചിത്തരേഷ് നടേശൻ, ശ്രീ.ഷിനു ചൊവ്വ എന്നീ കായിക താരങ്ങൾക്ക് അവരുടെ മികച്ച കായിക നേട്ടങ്ങളും കുടുംബ പശ്ചാത്തലവും കണക്കിലെടുത്ത്, നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കായികതാരങ്ങൾക്ക് പോസ്റ്റിംഗ് ഓർഡർ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | ജീവിതത്തിലെ സുപ്രധാനമായ ഒരു കാലഘട്ടം പരിശീലനത്തിനും മറ്റുമായി നീക്കിവെച്ച് മുൻനിരയിൽ എത്തുന്ന ഇത്തരം കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും നിയമനം നൽകുന്നതിനും ഉണ്ടാകുന്ന അമാന്തം ഈ മേഖലയിലേക്ക് കൂടുതൽ ആളുകൾ കടന്നുവരുന്നതിന് വിഘാതമാകുകയില്ലേ; | (ഡി) | മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ ആകെയുള്ള 249 ഒഴിവുകളിൽ 195 കായികതാരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ഇ) | കായികതാരങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട ജോലി നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ ആകെയുള്ള 249 ഒഴിവുകളിൽ 195 കായികതാരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ